Draft #1 of File 51328/AC B7-3/2021/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 02-Mar-2021 11:30 AM - Page 1

YEARS OF
CELEBRATING
THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കും എം.ടെക് പ്രോഗ്രാമുകളിലേക്കും 2021 അക്കാദമിക വർഷത്തിലെ പ്രവേശനത്തിനായി നടത്തുന്ന പൊതു പ്രവേശന പരീക്ഷയുടെ (CAT 2021) നടത്തിപ്പുമായി ബന്ധപ്പെട്ട് ചേർന്ന CAT 2021 മോണിറ്ററിംഗ് സമതി യോഗത്തിലെ ശിപാർശകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 1275/AC B 7/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 02.03.2021

---

*പരാമർശം:-*സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കും എം.ടെക് പ്രോഗ്രാമുകളിലേക്കും 2021 അക്കാദമിക വർഷത്തിലെ പ്രവേശനത്തിനായി നടത്തുന്ന പൊതു പ്രവേശന പരീക്ഷയുടെ (CAT 2021) നടത്തിപ്പുമായി ബന്ധപ്പെട്ട് ബഹു.പ്രൊ-വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ പ്രൊ - വൈസ് ചാൻസലറുടെ ചേമ്പറിൽ 23.02.2021, 03.30 പി.എം ന് ചേർന്ന CAT 2021 മോണിറ്ററിംഗ് കമ്മറ്റി യോഗത്തിൻറെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കും എം.ടെക് പ്രോഗ്രാമുകളിലേക്കും 2021 അക്കാദമിക വർഷത്തിലെ പ്രവേശനത്തിനായി നടത്തുന്ന പൊതു പ്രവേശന പരീക്ഷയുടെ (CAT 2021) നടത്തിപ്പുമായി ബന്ധപ്പെട്ട് ബഹു.പ്രൊ-വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ പ്രൊ - വൈസ് ചാൻസലറുടെ ചേമ്പറിൽ 23.02.2021, 03.30 പി.എം ന് ചേർന്ന CAT 2021 മോണിറ്ററിംഗ് കമ്മറ്റി യോഗത്തിൽ താഴെ പറയുന്ന ശിപാർശകൾ കൈക്കൊണ്ടു..

1. സർവ്വകലാശാലയിലെ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും CAT വഴി നടത്തുന്ന വിവിധ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശന നടപടികൾ ജൂലൈ 31 നകം അവസാനിക്കുന്ന രീതിയിൽ പ്രവേശന പരീക്ഷാ മെയ് മാസം മൂന്നാമത്തെ ആഴ്ചയിൽ അനുയോജ്യമായ തീയതിയിൽ നടത്തതക്ക രീതിയിൽ നടപടികൾ സ്വീകരിക്കുവാൻ ശുപാർശ ചെയ്തു.

2. CAT 2021 പരീക്ഷയുമായി ബന്ധപ്പെട്ട് വിവിധ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ

സെൻ്ററർ മേധാവിമാരുടെയും യോഗം 03.03.2021, 02.00 പി.എം ന് വൈസ് ചാൻസലറുടെ മിനി കോൺഫറൻസ് ഹാളിൽ ചേരുവാനും ഒബ്ജക്റ്റീവ് പരീക്ഷാ കൂടാതെ ഇൻ്ററർവ്യൂ/എഴുത്തുപരീക്ഷാ/ഗ്രൂപ്പ് ഡിസ്കഷൻ എന്നിവയിൽ ഏതെങ്കിലും പ്രവേശനത്തിന് മാനദണ്ഡമായി പരിഗണിക്കേണ്ടതായിട്ടുള്ള പഠന വകുപ്പുകൾക്ക് ഇത് സംബന്ധിച്ച തീരുമാനം ഫാക്കൽറ്റി കൗൺസിൽ ചേർന്ന് എടുത്ത ശേഷം പ്രസ്തുത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും ശിപാർശ ചെയ്തു.

3. രാജ്യമൊട്ടാകെയും നിലനിൽക്കുന്ന കോവിഡ് രോഗ സാഹചര്യം മുൻനിർത്തി ഈ വർഷം കേരളത്തിന് വെളിയിൽ പരീക്ഷാ കേന്ദ്രങ്ങൾ ഏർപ്പെടുത്തേണ്ടതില്ലെന്നും ഓൾ ഇൻഡ്യ ക്വോട്ടയിൽ അപേക്ഷാ സമർപ്പിക്കുന്നവർക്ക് കേരളത്തിനകത്തുള്ള പരീക്ഷാ കേന്ദ്രം അനുവദിച്ചാൽ മതിയെന്നും ശിപാർശ ചെയ്തു.

4. യോഗ്യതാ പരീക്ഷാ പാസ്സാകുവാൻ ഒന്നിൽ കൂടുതൽ അവസരം എടുക്കുന്നവരിൽ നിന്നും 5 മാർക്ക് വീതം കുറവ് വരുത്തിയിരുന്നു. എന്നാൽ CAT പരീക്ഷ എഴുതുന്ന ഭൂരിപക്ഷം വിദ്യാർത്ഥികളും അവസാന സെമസ്റ്റർ പഠിക്കുന്ന വിദ്യാർത്ഥികൾ ആണ് അതുപോലെ സപ്ലിമെൻ്ററി ഉള്ള വിദ്യാർത്ഥികൾ അവരുടെ പഠന കാലയളവിൽ തന്നെ പ്രസ്തുത വിഷയം പാസ്സ് ആകുന്ന സാഹചര്യം ഉള്ളതിനാലും അപേക്ഷ സമയത്ത് യോഗ്യതാ പരീക്ഷാ പാസ്സാകാൻ ഒന്നിൽ കൂടുതൽ അവസരം എടുത്തിട്ടുണ്ടോ എന്ന ചോദ്യം വളരെയധികം വിദ്യാർത്ഥികളിൽ സംശയത്തിന് ഇടയാക്കുകയും ഇതുമൂലം തെറ്റായ ഓപ്ഷൻ തിരഞ്ഞെടുക്കുന്നതും പരിഗണിച്ച് യോഗ്യതാ പരീക്ഷാ പാസ്സാക്കാൻ ഒന്നിൽ കൂടുതൽ അവസരം എടുക്കുന്നവരിൽ നിന്ന് 5 മാർക്ക് കുറവ് ചെയ്യുന്ന രീതി ഒഴിവാക്കുവാൻ ശിപാർശ ചെയ്തു.

5. CAT 2021 നോഡൽ ഓഫീസറായി ശ്രീ. ഹാരിസ് പി.വൈ, ഡെപ്യൂട്ടി രജിസ്ട്രാർ 2 (അക്കാദമിക്)-നെ നിയമിക്കുവാൻ ശിപാർശ ചെയ്തു.

മേൽ ശിപാർശകൾ ബഹു. വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റൻ്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

Draft #1 of File 51328/AC B7-3/2021/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 02-Mar-2021 11:30 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പകർപ്പ്

(1 ) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്

(2 ) രജിസ്ട്രാറുടെയും , പരീക്ഷ കോൺട്രോളറുടെയും പി.എ മാർക്ക്

(3) CAT 2021 മോണിറ്ററിംഗ് കമ്മറ്റി അംഗങ്ങൾ

(4 ) ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)

(5) വിവിധ പഠന വകുപ്പുകൾ/ ഇൻറ്റർ യൂണിവേഴ്സിറ്റി സെൻറ്റർ മേധാവിമാർക്ക്

(6) കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ,പി.ആർ.ഒ

(7) എ.സി.എ 1.എ.സി.എ 5.എ.ഡി.എ 11

(8 ) എ.ആർ 4 (അക്കാദമിക് )

(9) സിറ്റാഡ്

(10 ) ഫയൽ കോപ്പി

Draft #1 of File 51328/AC B7-3/2021/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 02-Mar-2021 11:30 AM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം